## കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം

13ന് മന്ത്രി കെ. രാജു നിർവഹിക്കും

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 13ന് വൈകുന്നേരം നാലിന് ആയൂർ ആരാധനാ ഓഡിറ്റോറിയത്തിൽ വനം, മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ. രാജു നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മയുടെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി മോഡൽ പഞ്ചായത്ത് പദ്ധതി ഉദ്ഘാടനംചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ശിവശങ്കരപ്പിള്ള, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രഞ്ജു സുരേഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.സി. ബിനു, ബി. സരോജാദേവി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി. രാധാമണി സുഗതൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ജി.എസ്. അജയകുമാർ, കെ. ഷിബു, സി. ശ്രീലക്ഷ്മി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. ഷൗക്കത്ത്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആർ. രജിമോൾ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എൻ. സഹീർ, ഗ്രാമപഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എൻ.എൻ. ശശി റിപ്പോർട്ട് അവതരിപ്പിക്കും. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സി. ജോസ് സ്വാഗതവും ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബി. ബാഹുലേയൻ നന്ദിയും പറയും.

(പി.ആർ.കെ.നമ്പർ-546/17)